3. *Adoption of Malayalam as State Language.*

The following resolution was not moved :—

MR. KALLUR NARAYANA PILLAI :

" This Council recommends to the Government that the sole use of the Malayalam language be insisted on in all official and semi-official proceedings and correspondence throughout the State. "

4. *Medium of Instruction in English Schools.*

MR. KALLUR NARAYANA PILLAI (*Pattanamtitta*): I beg to move the following resolution : —

" *This Council recommends to the Government that early steps be taken to formulate a scheme by which all teaching in the English Schools of the State, except the teaching of the English language, shall be conducted through the medium of the Malayalam language, provided that Tamil may be permitted to be used instead, whereever necessary*".

ഈ പ്രമേയം ഞാൻ അവതരിപ്പിച്ചിട്ടുള്ളതു തിരുവിതാംകൂറിലെ ബാലവിദ്യാർത്ഥികളുടെ ശാരീരമാനസികശക്തികളെ ദുർബലപ്പെടുത്തുന്ന പഠനപദ്ധതിയെ ഭേദപ്പെടുത്തുന്നതിനുവേണ്ടിയാണു്. ഇംഗ്ലീഷ് സ്കൂളുകളിൽ താഴ്ന്ന ക്ലാസുമുതൽ സ്കൂൾഫൈനൽക്ലാസുവരെ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് എല്ലാവിഷയങ്ങളും ആ വിദേശഭാഷയിൽതന്നെ പറഞ്ഞുകൊടുക്കുന്നതു സുഗ്രഹമായിട്ടുള്ളതല്ല. മലയാളഭാഷയാണു് അവരുടെ മാതൃഭാഷ. ജനനംമുതൽ കേട്ടും അറിഞ്ഞും പഠിച്ചുംവന്നിട്ടുള്ള ഭാഷയിൽ കൊടുക്കുന്ന വിദ്യാഭ്യാസത്തിനേ അവരുടെ ഹൃദയത്തിൽ സ്ഥാനംപിടിക്കാൻ കഴികയുള്ളൂ. മനസ്സും ബുദ്ധിയും രണ്ടുവിധം പ്രവൃത്തികളെയാണു ചെയ്യുന്നതു്. വിദേശഭാഷയായ ഇംഗ്ലീഷ്ഭാഷാമുഖേന പറഞ്ഞുകൊടുക്കുന്ന അറിവിനെ ഒരു മലയാളിവിദ്യാർത്ഥിക്കു മനസ്സിലാകണമെങ്കിൽ ബുദ്ധി അതിനെ തർജ്ജിമ ചെയ്തുകൊടുത്തുകൊണ്ടിരിക്കണം. അങ്ങിനേയുള്ള സന്ദർഭങ്ങളിൽ ഒരേ അവസരത്തിൽതന്നെ മനസ്സും ബുദ്ധിയും വേല ചെയ്യേണ്ടതായിട്ടാണു വരുന്നതു്. "You come hear" എന്നു് ഒരു മലയാളിവിദ്യാർത്ഥിയോടു പറയുന്നതായാൽ ആദ്യമായി ആ കുട്ടി അതിന്റെ അർത്ഥം എന്താണെന്നു ബുദ്ധികൊണ്ടാലോചിച്ചു മനസ്സിലാക്കിയശേഷമേ ഇരിക്കുന്ന സ്ഥാനം വിട്ടെഴുന്നേൽക്കുവാൻ ഭാവിക്കയുള്ളൂ. എന്നാൽ ഒരു് ഇംഗ്ലീഷ്കാരനായ വിദ്യാർത്ഥിയോടു് ആവിധം "you come hear" എന്നു പറയുന്നതായാൽ അതേമാത്രയിൽതന്നെ ഒരു തർജ്ജിമയുടെ ആവശ്യംകൂടാതെ ആ വിദ്യാർത്ഥി ഉടൻ എഴുന്നേറ്റുവരുന്നതാണു്. ഈ വ്യത്യാസംകൊണ്ടുണ്ടാകുന്ന സ്ഥിതി നിസ്സാരമായിട്ടുള്ളതല്ല. ഈ മാതിരി വിദ്യാഭ്യാസം തുടർന്നു പോകുന്നതായാൽ വിദ്യാർത്ഥികളുടെ ശാരീരമാനസികസ്ഥിതികൾക്കു വളരെ ദുഷ്പ്രഭാവം

LIBRARY ARCHIVES Kerala Legislative Assembly